# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 24, തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 349)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| മുഖ്യമന്ത്രി | 3216 മുതൽ 3346 വരെ |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | 3347 മുതൽ 3408 വരെ |
| ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി | 3409 മുതൽ 3521 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 3522 മുതൽ 3564 വരെ |

## ഒരു വർഷത്തെ കർമ്മപരിപാടി

3216 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച ഒരു വർഷത്തെ കർമ്മ പരിപാടികളിൽ നടപ്പിലാക്കിയിട്ടില്ലാത്തവ ഏതൊക്കെയായിരുന്നു; വിശദമാക്കാമോ;

(ബി) കർമ്മ പരിപാടിയുടെ ഭാഗമായി പ്രഖ്യാപിച്ച പ്രധാന പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പ്രവർത്തനം ആരംഭിച്ചവ ഏതൊക്കെയെന്നും വെളിപ്പെടുത്തുമോ;

(സി) ഒരു വർഷം പിന്നിട്ട സാഹചര്യത്തിൽ വീണ്ടും ഒരു വർഷ കർമ്മ പരിപാടി പ്രഖ്യാപനം നടത്താനുദ്ദേശിക്കുന്നുണ്ടോ; വീണ്ടും പ്രഖ്യാപനങ്ങൾ നടത്തുന്നതിനു മുമ്പ് പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പ്രധാനമന്ത്രി വിളിച്ച് ചേർത്ത മുഖ്യമന്ത്രിമാരുടെ യോഗങ്ങൾ</u>

3217 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, പ്രധാനമന്ത്രി വിളിച്ചുചേർത്ത മുഖ്യമന്ത്രിമാരുടെ എത്ര യോഗങ്ങളിലേക്ക് കേരളാ മുഖ്യമന്ത്രിയെ ക്ഷണിക്കുകയുണ്ടായി;

(ബി) ഏതെല്ലാം ദിവസങ്ങളിലായിരുന്നു യോഗങ്ങൾ;

(സി) ഓരോ യോഗങ്ങളും ഏതു വിഷയത്തെ അധികരിച്ചുള്ളതായിരുന്നു;

(ഡി) ഏതെല്ലാം യോഗങ്ങളിൽ മുഖ്യമന്ത്രി നേരിട്ടു പങ്കെടുക്കുകയുണ്ടായി;

(ഇ) ഏതെല്ലാം യോഗങ്ങളിൽ മുഖ്യമന്ത്രിക്കു പകരം പ്രതിനിധിയെ അയച്ചുവെന്നും അങ്ങനെ പോയത് ആരായിരുന്നുവെന്നും വ്യക്തമാക്കുമോ;

(എഫ്) ഏതെങ്കിലും യോഗത്തിൽ കേരളത്തെ പ്രതിനിധീകരിച്ച് മുഖ്യമന്ത്രിയോ മന്ത്രിമാരോ പങ്കെടുക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

മന്ത്രിസഭാ യോഗതീരുമാനങ്ങളുടെ ഉത്തരവ്

3218 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മന്ത്രിസഭാ യോഗ തീരുമാനങ്ങളുടെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സമയ നിബന്ധന നിഷ്കർഷിച്ചിട്ടുണ്ടോ; തീരുമാനം സംബന്ധിച്ച ഉത്തരവ് എത്ര മണിക്കൂറുകൾക്കുള്ളിൽ പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്; വിശദമാക്കുമോ;

(ബി) നിഷ്ക്കർഷിക്കപ്പെട്ട സമയത്തിനകം മന്ത്രി സഭാ തീരുമാനം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് വിഘാതം നിൽക്കുന്നവർക്കെതിരെ സ്വീകരിക്കുന്ന നടപടി എന്താണ്; വിശദമാക്കുമോ; ആർക്കെങ്കിലും എതിരെ നടപടി സ്വീകരിക്കേണ്ടതായി വന്നിട്ടുണ്ടോ;

(സി) മന്ത്രിസഭാ യോഗ തീരുമാനങ്ങൾ ചോർത്തുകയോ; തീരുമാനമനുസരിച്ചുള്ള ഉത്തരവ് പുറപ്പെടുവിക്കാതിരിക്കുകയോ ചെയ്ത കേസുകൾ ഈ സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര കേസുകളിൽ എന്നും; അവ ഏതെല്ലാം തീരുമാനങ്ങളായിരുന്നു എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>മന്ത്രിസഭാ ഉപസമിതികൾ</u>

3219 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതേവരെ എന്തെല്ലാം സമിതികളിൽ ശുപാർശ സമർപ്പിക്കാൻ മന്ത്രിസഭാ ഉപസമിതികളെ നിയോഗിക്കുകയുണ്ടായി;

(ബി) ഏതെല്ലാം സമിതികളിലെ മന്ത്രിസഭാ ഉപസമിതി റിപ്പോർട്ടുകൾ ലഭിക്കുകയുണ്ടായി; അവയുടെമേൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) റിപ്പോർട്ട് ലഭിച്ചെങ്കിലും മേൽനടപടി സ്വീകരിക്കാത്ത റിപ്പോർട്ടുകൾ ഏതൊക്കെയാണ്; റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തവ ഏതൊക്കെ?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

## സേവനാവകാശ നിയമം

3220 ശ്രീ. എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് മുൻപ് ഓരോ വകുപ്പിലും ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെ വിശദമായ വർക്ക്സ്റ്റഡി നടന്നിട്ടുണ്ടോ; ഇല്ലെങ്കിൽ സേവനം നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുള്ളത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവന്ന സേവനങ്ങളെ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

**സേവനാവകാശ നിയമം പ്രാവർത്തികമാക്കിയത് വഴി ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ഗുണങ്ങൾ**

3221 ശ്രീ. സി.എഫ്. തോമസ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സേവനാവകാശ നിയമം പ്രാവർത്തികമാക്കിയത് വഴി ജനങ്ങൾക്ക് ഉണ്ടായിട്ടുള്ളഗുണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സേവനാവകാശ നിയമത്തിന്റെ അന്തസത്തയെ ചോദ്യം ചെയ്യുന്ന രീതിയിൽ ചില മേഖലകളിൽ എങ്കിലും സേവനങ്ങൾ കൃത്യമായി ജനങ്ങൾക്ക് നൽകാതിരിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികൾ ഈ കാര്യത്തിൽ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിയമം സംബന്ധിച്ചു പൊതുജനങ്ങൾക്കും ജീവനക്കാർക്കും ബോധവൽക്കരണം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്ന തീയതി</u>

3222 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം സംസ്ഥാനത്ത് എന്നു മുതലാണ് പ്രാബല്യത്തിൽ വന്നത്;

(ബി) സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചുവെന്നും അവയിൽ എന്ത് നടപടി സ്വീകരിച്ചു വെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം–വിശദാംശങ്ങള്‍</u>

3223 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സെക്രട്ടേറിയറ്റില്‍ സേവനാവകാശ നിയമം ബാധകമാണോ ; ഇല്ലെങ്കില്‍ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്താകെ ഈ നിയമം ബാധകമാക്കിയ ശേഷം എത്ര പരാതികളാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത് ;

(സി) എത്ര ഉദ്യോഗസ്ഥരില്‍ നിന്ന് പരാതിയുടെ അടിസ്ഥാനത്തില്‍ പിഴ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) എങ്കില്‍ ഏതെല്ലാം ഉദ്യോഗസ്ഥരില്‍ നിന്ന് എത്ര രൂപ വീതം പിഴ ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മാനവൽ പരിഷ്കരണം</u>

3224 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് മാനവൽ, മാനവൽ ഓഫ് ഓഫീസ് പ്രൊസീജ്യർ എന്നിവ പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഭരണ നടപടികൾ സുതാര്യമാക്കുന്നതിനും ഫയൽ നീക്കം വേഗത്തിലാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

പൊതുഭരണ വകുപ്പിന്റെ പ്രവർത്തനം

3225 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമനതട്ടിപ്പുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുവാനായി രൂപീകരിക്കപ്പെട്ട പൊതുഭരണ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വകുപ്പിന്റെ ഇപ്പോഴത്തെ പ്രവർത്തനം കാര്യക്ഷമമാണോ;

(ബി) അല്ലെങ്കിൽ ആയതു കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>എൻക്വയറി കമ്മീഷനുകൾ</u>

3226 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര എൻക്വയറി കമ്മീഷനുകളെ നിയോഗിക്കുകയുണ്ടായി;

(ബി) ഇതിന് ഏതെല്ലാം എൻക്വയറി കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ലഭിച്ചു; ഇവയിൽ ഓരോന്നിൻമേലും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സാംപിത്രോഡ അവതരിപ്പിച്ച കേരളവികസന പദ്ധതികൾ</u>

3227 ശ്രീ.പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി സാംപിത്രോഡ അവതരിപ്പിച്ച കേരള വികസന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ഫോൺ നമ്പർ</u>

3228 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കും സർക്കാർ ഫോണുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഓരോരുത്തർക്കും സർക്കാർ അനുവദിച്ച ഫോണുകളുടെ നമ്പറുകൾ വ്യക്തമാക്കാമോ;

(ബി) മുഖ്യമന്ത്രിയും പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും സർക്കാർ അനുവദിച്ച ഫോണുകൾക്ക് പുറമെ ഉപയോഗിച്ചു വരുന്ന ഫോണുകളുടെ നമ്പറുകൾ ലഭ്യമാക്കാമോ;

(സി) മുഖ്യമന്ത്രിയും പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങളും സ്വന്തം പേരിൽ ഉള്ളതല്ലാതെ മറ്റേതെങ്കിലും ഫോൺ ലാന്റ്/മൊബൈൽ ഫോൺ ഉപയോഗിച്ചുവരുന്നുണ്ടോ; എങ്കിൽ ആരെല്ലാം ഏതെല്ലാം നമ്പരുകളിലുള്ളത്;

(ഡി) മുഖ്യമന്ത്രി ആഫീസിലും വസതിയിലും അല്ലാതെ യാത്രാ വേളയിൽ സദാസമയം ഉപയോഗിച്ചു വരുന്ന ഫോൺ നമ്പറുകൾ ഏതൊക്കെയാണ്?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക്</u>
<u>സമർപ്പിച്ചിട്ടുള്ള സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ</u>

3229 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള എന്തെല്ലാം ആവശ്യങ്ങളാണിപ്പോഴും കേന്ദ്ര സർക്കാരിന്റെ പരിഗണനയിലിരിക്കുന്നതെന്ന് വകുപ്പുകളുടെ യടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ബി) കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഏതെല്ലാം ആവശ്യങ്ങളിന്മേലാണ് അനുവദിക്കാൻ പറ്റില്ലെന്ന നിലപാട് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

<u>മന്ത്രിമാരുടേയും ചീഫ് വിപ്പിന്റേയും ആഫീസുകളിലെ പേഴ്സണൽ സ്റ്റാഫ്</u>

3230 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ ആഫീസുകളിലും വസതികളിലുമായി ഉള്ള പെഴ്സണൽ സ്റ്റാഫ് ഓരോരുത്തരുടെയും സ്റ്റാഫുകളുടെ എണ്ണം, പദവി എന്നിവ പ്രത്യേകം വെളിപ്പെടുത്താമോ; ഇതിൽ എത്ര വനിതകൾ ഉണ്ട് എന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>എം. പി. മാർക്ക് സംസ്ഥാന സർക്കാർ നൽകുന്ന സൗകര്യങ്ങൾ</u>

3231 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

എം. പി. മാർക്ക് സംസ്ഥാന സർക്കാർ നൽകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മന്ത്രിമാർക്കായി പുതുതായി വാങ്ങിയ വാഹനങ്ങൾ</u>

3232

ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുഖ്യമന്ത്രി, മന്ത്രിമാർ, ചീഫ് വിപ്പ് എന്നിവർക്കായി എത്ര വാഹനങ്ങൾ പുതുതായി വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾക്കോരോന്നിനും എത്ര തുക ചെലവഴിച്ചുവെന്നും ഓരോ വാഹനവും ആരൊക്കെയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിൽ യൂണികോഡ് അധിഷ്ഠിത മലയാളം</u>

3233 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ 'യൂണികോഡ്' അധിഷ്ഠിത മലയാളം അക്ഷരങ്ങൾ ഉപയോഗിക്കണമെന്ന ഉത്തരവ് നിലവിലിരിക്കെ ഇത് പാലിക്കാത്ത ഓഫീസുകൾ ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉത്തരവ് ഇറങ്ങി അഞ്ച് വർഷങ്ങൾക്കുശേഷവും ഇത് സംബന്ധിച്ചുള്ള പ്രായോഗിക ബുദ്ധിമുട്ട് ഒഴിവാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) യൂണികോഡ് അധിഷ്ഠിത മലയാള ലിപി എല്ലാ ഓഫീസുകളിലും കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ഫയലുകളുടെ തീർപ്പാക്കൽ

3234 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലെ ഫയലുകളുടെ തീർപ്പുകളിലും ഫയലുകൾ സമർപ്പിക്കുന്നതിലുളള കാലതാമസത്തിലും മനപൂർവമായ വീഴ്ച ഏതെങ്കിലും ഉദ്യോഗസ്ഥൻ വരുത്തിയിട്ടുണ്ടോ എന്നു പരിശോധിക്കുവാൻ നിലവിലുളള സംവിധാനം എന്താണെന്നു വ്യക്തമാക്കുമോ; ഇതു കാര്യക്ഷമമാണെങ്കിൽ ഫയലുകൾ ഓരോ ക്ലർക്കിന്റെയും മേലുദ്യോഗസ്ഥന്റേയും പക്കൽ ആഴ്ചകളോളം ഇരിക്കുന്നത് എന്തുകൊണ്ടാണെന്നു അറിയിക്കുമോ;

(ബി) സർക്കാർ ഓഫീസുകളിലെ ഓരോ ഉദ്യോഗസ്ഥരും പ്രതിദിനം കൈകാര്യം ചെയ്യേണ്ട ഫയലുകൾ എത്രയായിരിക്കണം എന്നതു സംബന്ധിച്ച ചട്ടങ്ങളോ ഉത്തരവുകളോ നിലവിലുണ്ടോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; ഓരോ ഉദ്യോഗസ്ഥരും തന്റെ പരമാവധിയിൽ അധികം ഫയലുകൾ നിലവിൽ കൈകാര്യം ചെയ്യുന്നുണ്ടെന്നകാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നു അറിയിക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ആദിവാസി ഊരുകളിൽ മുഖ്യമന്ത്രിയുടെ സന്ദർശനം</u>

3235 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിരന്തരം ശിശുമരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന അട്ടപ്പാടിയിലെയും അഗളിയിലെയും ആദിവാസി ഊരുകൾ മുഖ്യമന്ത്രി സന്ദർശിച്ചിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ ഊരുകളാണ് സന്ദർശിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) പോഷകാഹാരക്കുറവ് നിമിത്തം ഞെട്ടിപ്പിക്കുന്ന രീതിയിൽ ശിശുമരണങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്; വിശദാംശംങ്ങൾ വ്യക്തമാക്കാമോ;

(ഡി) വിവിധ വകുപ്പുകളുടെ ഏകോപനത്തിന്റെ കുറവാണ് ആദിവാസി ഊരുകളിലെ പ്രശ്നങ്ങൾക്ക് കാരണമെന്ന് മുഖ്യമന്ത്രി തന്നെ പ്രഖ്യാപിച്ചിട്ടുള്ള സ്ഥിതിക്ക് ഏകോപനത്തിനുവേണ്ടി എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം മന്ത്രിസഭാ സമിതി ആ പ്രദേശങ്ങളിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് രൂപീകരിക്കാൻ തയ്യാറാകുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സെക്രട്ടേറിയേറ്റിലെ ഫയൽ നീക്കങ്ങൾ കാര്യക്ഷമമാക്കാൻ നിശ്ചയിച്ച കമ്മിറ്റിയുടെ പ്രവർത്തനം</u>

3236 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവരസാങ്കേതികവിദ്യയും ഇ-ഗവേണൻസും ഉപയോഗിച്ച് സെക്രട്ടേറിയറ്റിലെ ഫയൽ നീക്കങ്ങൾ നടത്തുവാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ സംവിധാനം എന്നു മുതൽക്കാണ് നിലവിൽ വെന്നതെന്നും ഇതിനായി പ്രതിവർഷം എന്തു തുക ചെലവഴിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിന്റെ നടത്തിപ്പു ചുമതല ഏത് ഏജൻസിക്കാണെന്നു വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള സംവിധാനത്തിന്റെ കാര്യക്ഷമതയെ സംബന്ധിച്ച് ഗൗരവകരമായ പരാതികൾ ഉണ്ടായിട്ടുണ്ടോ;

(ഇ) പരാതി ഇല്ലെങ്കിൽ പോരായ്മ പരിഹരിക്കുന്നതിന് റിപ്പോർട്ട് നൽകുവാൻ ഭരണതലത്തിൽ ഏതെങ്കിലും കമ്മിറ്റിയെ നിശ്ചയിച്ചിരുന്നുവോ;

(എഫ്) എങ്കിൽ, എന്നാണ് നിശ്ചയിച്ചതെന്നും ഏത് ഉത്തരവ് പ്രകാരമാണ് കമ്മറ്റിയെ നിശ്ചയിച്ചതെന്നും കമ്മിറ്റിയിൽ ആരെല്ലാമാണ് അംഗങ്ങളായിരുന്നതെന്നും വ്യക്തമാക്കുമോ;

(ജി) നിലവിലുള്ള സംവിധാനത്തിന്റെ പോരായ്മ പരിഹരിക്കുന്നതിന് കമ്മിറ്റി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

(എച്ച്) കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു;

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

(ഐ) ഇതുപ്രകാരം പുതിയ കൺസൾട്ടൻസികളെ/ഏജൻസികളെ ക്ഷണിച്ചുകൊണ്ടു വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായോ;

(ജെ) എത്ര സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചു; ഏതെല്ലാം സ്ഥാപനങ്ങൾ; വിശദമാക്കുമോ;

(കെ) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(എൽ) നിലവിലുള്ള സമ്പ്രദായത്തിന്റ്റെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള റിപ്പോർട്ട് തയ്യാറാക്കുവാൻ നിർദ്ദേശിച്ച ആരെങ്കിലും പ്രസ്തുത അപേക്ഷാ പരിശോധന കമ്മിറ്റിയിലും അംഗമായിരുന്നിട്ടുണ്ടോ; എങ്കിൽ, ആരാണെന്നു വ്യക്തമാക്കുമോ;

(എം) അപേക്ഷാ പരിശോധന കമ്മിറ്റി തെരഞ്ഞെടുത്തത് ഏത് ഏജൻസിയെയാണ്;

(എൻ) പ്രസ്തുത ഏജൻസിക്ക് എത്ര തുകയ്ക്കാണ് കരാർ നിശ്ചയിച്ചു നൽകിയിട്ടുള്ളത്;

(ഒ) പ്രസ്തുത കരാർ നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും മാനദണ്ഡങ്ങളും എന്തൊക്കെയാണ്?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>ഐഡിയാസ് ഫയൽ ട്രാക്കിംഗ് സിസ്റ്റം</u>

3237

ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഫയലുകളുടെ നിജസ്ഥിതി അറിയുന്നതിനായി ഗവൺമെന്റ് സെക്രട്ടേറിയറ്റിലും മറ്റ് വിവിധ വകുപ്പുകളിലും ഏർപ്പെടുത്തിയിരിക്കുന്ന ഐഡിയാസ് ഫയൽ ട്രാക്കിംഗ് സിസ്റ്റം കാര്യക്ഷമമായ രീതിയിൽ പ്രവർത്തിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനം ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ഉത്തരവുകള്‍ മരവിപ്പിക്കപ്പെട്ടത്</u>

3238 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം നാളിതുവരെ വിവിധ വകുപ്പുകള്‍ പുറത്തിറക്കിയ എത്ര ഉത്തരവുകള്‍ പിന്നീട് മരവിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് ഏതെല്ലാമെന്നും ഇതില്‍ മന്ത്രിമാര്‍ ഇടപെട്ട് മരവിപ്പിച്ച ഉത്തരവുകള്‍ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

<u>കേരള ഹൗസിനോടനുബന്ധിച്ച് നടന്നുവരുന്ന നവീകരണ പ്രവൃത്തികൾ</u>

3239 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലെ കേരള ഹൗസിലെ ഏതെങ്കിലും വിഭാഗം സ്വകാര്യ ഏജൻസി വഴി പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതു സംബന്ധിച്ച് നിലവിലുള്ള നിർദ്ദേശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കേരള ഹൗസിനോടനുബന്ധിച്ച് നടന്നുവരുന്ന നവീകരണ പ്രവൃത്തികൾ എന്തൊക്കെയാണ്; മൊത്തം എന്തു തുക ചെലവഴിച്ചു;

(സി) കേരള ഹൗസിലെ ഭക്ഷണശാല സ്വകാര്യവൽക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

3240 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ഇതിൽ എത്ര തുക ചെലവഴിക്കപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാ സഹായം</u>

3241 ശ്രീ.സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായമായി അനുവദിച്ച തുക വിതരണം ചെയ്യുമ്പോൾ ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കണമെന്ന വ്യവസ്ഥയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം തളിപ്പറമ്പ് താലൂക്കിൽ എത്ര പേർക്ക് എത്ര തുക വീതം ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തുക വിതരണം ചെയ്യുന്നത് ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം</u>

3242 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച വൈപ്പിൻ മണ്ഡലത്തിലെ അർഹരായ എത്ര അപേക്ഷകർക്ക് ധനസഹായം നൽകുന്നതിന് ഇനിയും ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ ; ഇത്തരം അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിന്റെ വിശദവിവരം</u>

3243 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിസഭയിൽ മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാർക്ക്, ഓരോരുത്തർക്കും അവരുടെ ഓഫീസുകളിൽ പരമാവധി എത്രയാളുകളെ പേഴ്സണൽ സ്റ്റാഫിൽ നിയമിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ മുഖ്യമന്ത്രിയുടെയും ഓരോ മന്ത്രിമാരുടെയും ഓഫീസിൽ എത്ര പേഴ്സണൽ സ്റ്റാഫ് അംഗങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിൽ എത്രപേർ ഗസറ്റഡ് ഓഫീസർ മാരാണെന്നും എത്രപേർ നോൺ ഗസറ്റഡ് ജീവനക്കാരാണെന്നും വ്യക്തമാക്കുമോ;

(ഡി) മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പേഴ്സണൽ സ്റ്റാഫിലുള്ള ഗസറ്റഡ് ഓഫീസർമാരിൽ എസ്.എസ്.എൽ.സി. പാസ്സായിട്ടില്ലാത്ത എത്രപേരുണ്ടെന്ന് ഓഫീസ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പി. എസ്. സി. അംഗങ്ങളുടെ വേതനം</u>

3244

ശ്രീ. സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നിലവിലുള്ള ഒരു പി. എസ്. സി. അംഗത്തിന് പ്രതിവര്‍ഷം എല്ലാ ഇനങ്ങളിലുമായി പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പി.എസ്. സി. ചെയര്‍മാന്‍ ഉള്‍പ്പെടെ നിലവിലുള്ള പി.എസ്. സി. അംഗങ്ങള്‍ക്ക് തന്നാണ്ടില്‍ മൊത്തം പ്രതീക്ഷിക്കുന്ന ചെലവ് എത്ര;

(സി) പി. എസ്. സി. അംഗങ്ങളുടെ അംഗസംഖ്യ വര്‍ദ്ധിപ്പിക്കാന്‍ പി.എസ്. സി. ആവശ്യപ്പെട്ടത് എന്നായിരുന്നു; എണ്ണം എത്രയായി വര്‍ദ്ധിപ്പിക്കണമെന്നായിരുന്നു ആവശ്യപ്പെട്ടിരുന്നത്; ഇത് സംബന്ധമായ പി. എസ്. സി. ഫുള്‍ ബോര്‍ഡ് യോഗ തീരുമാനത്തിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ;

(ഡി) പുതുതായി നിയമിക്കപ്പെട്ട എല്ലാ പി.എസ്. സി. അംഗങ്ങള്‍ക്കും വേണ്ടി പ്രതിവര്‍ഷം എന്ത് തുക അധികമായി ചെലവ് ചെയ്യേണ്ടതായി വരുമെന്ന് പ്രതീക്ഷിക്കുന്നു; വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകളിൽ കരാർ നിയമനം</u>

3245 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കരാർ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലും ബോർഡുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി എത്ര പേർ ജോലി ചെയ്യുന്നുണ്ട്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വികലാംഗർക്ക് സ്ഥിരം നിയമനം</u>

3246 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് സ്ഥിരം നിയമനത്തിന് പരിഗണിക്കുമ്പോൾ, 179-ാം ദിവസം പൊതു ഒഴിവായത് മൂലം 178 ദിവസം മാത്രം ജോലി ചെയ്തവരെ പരിഗണിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ അനുഭാവ പൂർവ്വമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന ജീവനക്കാർക്ക് അവാർഡ്</u>

3247

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിഭാഗം സർക്കാർ ജീവനക്കാർക്കാണ് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ അവാർഡ് നൽകി വരുന്നത്; വ്യക്തമാക്കുമോ;

(ബി) സ്റ്റേറ്റ് സർവ്വീസിലെയും സബോർഡിനേറ്റ് സർവ്വീസിലെയും ജീവക്കാർക്ക് പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ അവാർഡ് നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വീസിൽ പ്രവർത്തന മികവ് കാണിക്കുന്ന ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള പ്രത്യേകമായ അംഗീകാരം ഇപ്പോൾ ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**24.06.2013–ലെ മറുപടിക്ക്**

<u>പിന്നോക്ക വിഭാഗങ്ങളുടെ ബാക്ക്‌ലോഗ്</u>
<u>നികത്തുന്നതിന് നടപടി</u>

3248 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നരേന്ദ്രന്‍ കമ്മീഷന്റെ ശുപാര്‍ശകളുടെ അടിസ്ഥാനത്തില്‍ പിന്നോക്ക വിഭാഗങ്ങളുടെ ബാക്ക്‌ലോഗ് നികത്തുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(ബി) ഏതെല്ലാം പിന്നോക്ക വിഭാഗങ്ങള്‍ക്കാണ് നിയമനത്തില്‍ ബാക്ക്‌ലോഗ് ഉണ്ടായിട്ടുള്ളതെന്നും എത്ര വീതമാണ് ഈ വിഭാഗങ്ങള്‍ക്ക് കുറവ് വന്നതെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

പട്ടികജാതി - പട്ടികവര്‍ഗ്ഗ ഉദ്യോഗസ്ഥരുടെ നിയമന-സ്ഥലംമാറ്റ വ്യവസ്ഥകള്‍

3249 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികജാതി-പട്ടികവര്‍ഗ്ഗ ഉദ്യോഗസ്ഥരുടെ നിയമനം, സ്ഥലംമാറ്റം എന്നിവ സംബന്ധിച്ച് ഇതുവരെ ഇറങ്ങിയിട്ടുള്ള ഉത്തരവുകള്‍/സര്‍ക്കുലറുകള്‍ എന്നിവയുടെ പകര്‍പ്പ് ലഭ്യമാക്കാമോ;

(ബി) 29.01.2000ലെ 14160/ഉപസി3/ഉ.ഭ.പ.വ. നമ്പര്‍ സര്‍ക്കുലറിലെ രണ്ടാം ഖണ്ഡിക പ്രകാരം പട്ടികജാതി-പട്ടിക വര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റത്തിലും നിയമനത്തിലും സ്വന്തം ജില്ലയില്‍ പരിഗണന നല്‍കണമെന്ന വ്യവസ്ഥ പാലിക്കപ്പെടാത്ത സാഹചര്യത്തില്‍ സ്ഥലംമാറ്റത്തെ സംബന്ധിച്ച് ഉത്തരവുകള്‍/സര്‍ക്കുലറുകളിലൂടെ പുറപ്പെടുവിച്ച നിര്‍ദ്ദേശങ്ങള്‍ സംസ്ഥാന സര്‍വ്വീസ് ചട്ടങ്ങളുടെ ഭാഗമാക്കാന്‍ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ജീവനക്കാരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ

3250 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
'' രാജു എബ്രഹാം
'' വി. ശിവൻകുട്ടി
'' എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ അവഗണിച്ച് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതായുള്ള അക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ജീവനക്കാരുടെ സ്ഥലംമാറ്റങ്ങളുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളിന്മേൽ നിയമാനുസൃതമായ നടപടി സ്വീകരിക്കാനും അന്യായമായ സ്ഥലംമാറ്റങ്ങൾ റദ്ദുചെയ്യുവാനും നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിലുള്ള അക്ഷേപങ്ങളിൽ തീരുമാനം എടുക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

<u>സംസ്ഥാന ജീവനക്കാരുടെ സ്ഥലമാറ്റത്തെ സംബന്ധിച്ച മാനദണ്ഡം</u>

3251 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ സ്ഥലമാറ്റത്തെ സംബന്ധിച്ച മാനദണ്ഡത്തിൽ റിട്ടയർ ചെയ്യാൻ എത്ര വർഷം ഉണ്ടായാലാണ് സ്വന്തം ജില്ലയിലേക്ക് മാറ്റം ലഭിക്കുന്നത്; ഈ മാനദണ്ഡം സർക്കാർ അംഗീകരിച്ചതാണോ;

(ബി) സ്വന്തം ജില്ലയിൽതന്നെ ദീർഘകാലം സേവനം അനുഷ്ഠിച്ചുവരുന്ന ജീവനക്കാരന് പ്രസ്തുത ആനുകൂല്യം ബാധകമാണോ;

(സി) ജീവനക്കാരുടെ സ്ഥലമാറ്റത്തിന് ഇപ്പോൾ മാനദണ്ഡങ്ങൾ ബാധകമാകുന്നുണ്ടോ; പ്രസ്തുത മാനദണ്ഡത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വോട്ടർ പട്ടിക പുതുക്കൽ</u>

3252 ശ്രീ. എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വോട്ടർ പട്ടിക പുതുക്കൽ പൂർണ്ണമായും ഓൺലൈനാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വോട്ടർ പട്ടികയിൽ പുതുതായി പേര് ചേർക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനത്തിന് വേണ്ടത്ര പ്രചാരം നൽകുവാൻ സ്വീകരിക്കുന്ന നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>നൂറനാട് ലെപ്രസി സാനിട്ടോറിയത്തിന്റെ സ്ഥലം ഐ.റ്റി.ബി.പി. യ്ക്ക് വിട്ടുനൽകിയ നടപടി</u>

3253 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നൂറനാട് സാനിട്ടോറിയം ഭൂമിയിലനുവദിച്ച ഐ.റ്റി.ബി.പി. യൂണിറ്റിന്റെ ഭാഗമായി സ്കൂളോ, മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയോ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; പൊതുജനങ്ങൾക്ക് ഇവ ഉപയോഗിക്കുവാൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഐ.റ്റി.ബി.പി. യൂണിറ്റംഗങ്ങൾക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാകുന്നതെങ്ങനെ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സാനിട്ടോറിയം വളപ്പിനു പുറത്തുനിന്നും 25 ഏക്കർ സ്ഥലം സാനിട്ടോറിയത്തോട് ചേർക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് എന്നും ഈ തീരുമാനം അടിയന്തിരമായി പിൻവലിക്കുമോ എന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വിദ്യാഭ്യാസ യോഗ്യതകൾ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തൽ</u>

3254 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ പ്രവേശിച്ച് കഴിഞ്ഞ് ജീവനക്കാർ നേടുന്ന വിദ്യാഭ്യാസ യോഗ്യതകൾ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിനുള്ള നിലവിലെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അഡീഷണൽ ക്വാളിഫിക്കേഷനും സർട്ടിഫിക്കറ്റും അപേക്ഷയും ബന്ധപ്പെട്ട ഓഫീസിൽ സമർപ്പിച്ചിട്ടും പ്രസ്തുത വിവരങ്ങൾ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്താതിരുന്നതായി പരാതി ലഭിച്ചാൽ ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) സർവ്വീസ് ബുക്കിൽ അഡീഷണൽ യോഗ്യത രേഖപ്പെടുത്തിയതായി ബന്ധപ്പെട്ട ജീവനക്കാർക്ക് രേഖാമൂലം മറുപടി നൽകുന്നതിനും ഡി. പി. സി. കൂടുന്നതിനു മുമ്പ് ബന്ധപ്പെട്ട വിവരം ഡി. പി. സി. മുമ്പാകെ നൽകുന്നതിനും നിഷ്ക്കർഷിക്കുവാൻ നടപടിയുണ്ടാകുമോ;

(ഡി) ഇതു സംബന്ധിച്ച തീരുമാനങ്ങൾ സ്റ്റേറ്റ് സർവ്വീസിലും സബോഡിനേറ്റ് സർവ്വീസിലും ഒരു പൊലെ ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവയിലെ ജീവനക്കാരുടെ വിശദവിവരം</u>

3255

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിലായി ആകെ എത്ര ജീവനക്കാരുണ്ട്;

(ബി) സംസ്ഥാനത്തെ മറ്റ് കോർപ്പറേഷൻ, ബോർഡുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ആകെ എത്ര ജീവനക്കാരുണ്ട്;

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ പട്ടികജാതി- വർഗ്ഗ പിന്നോക്കസമുദായങ്ങളിൽപ്പെട്ട എത്ര പേർ ജോലി ചെയ്യുന്നു;

(ഡി) ഏതെങ്കിലും സ്ഥാപനങ്ങളിൽ സംവരണ നിയമാനുസരണമുളള ഒഴിവുകൾ നികത്താതെ ഉണ്ടെങ്കിൽ അവ എത്രയെണ്ണമുണ്ടെന്നും, അവ നികത്താതിരിക്കാനുളള കാരണങ്ങളും വ്യക്തമാക്കുമോ;

(ഇ) ഈ സ്ഥാപനങ്ങളിലെല്ലാം പട്ടികജാതി-വർഗ്ഗ സംവരണം ഉറപ്പാക്കുവാനും നിയമനങ്ങളിൽ പ്രസ്തുത വിഭാഗങ്ങളുടെ പ്രാതിനിധ്യം പൂർണ്ണമായും ഉറപ്പുവരുത്താനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ലാന്റ് അക്വിസിഷൻ കൈകാര്യം ചെയ്യുന്ന സെക്ഷനിലെ ജോലിഭാരം</u>

3256 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ലാന്റ് അക്വിസിഷൻ കൈകാര്യം ചെയ്യുന്ന സെക്ഷനിലെ ജോലിഭാരം കാരണം സംസ്ഥാനത്തെ വിവിധ പദ്ധതികൾക്കുള്ള സ്ഥലമെടുപ്പിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലാന്റ് അസൈൻമെന്റിന് 3 സെക്ഷനുകൾ ഉള്ളപ്പോൾ കേരളത്തിലെ മുഴുവൻ ലാന്റ് അക്വിസിഷൻ കൈകാര്യം ചെയ്യുവാൻ ഒരു സെക്ഷൻ മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

2013 –ലെ പൊതുപണിമുടക്കിന് പൊതുഭരണ സെക്രട്ടേറിയറ്റിൽ ഹാജരായ ജീവനക്കാർ

3257 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരിയിൽ നടന്ന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പണിമുടക്കിൽ പൊതുഭരണ സെക്രട്ടേറിയറ്റിൽ ഓരോ തസ്തികയിലും സാങ്ഷൻഡ് സ്ട്രേങ്ത്തിൽ ഉൾപ്പെട്ട എത്ര പേർ ജോലിക്ക് ഹാജരായി;

(ബി) ഇവരുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>അനധികൃതമായി ജോലിക്ക് ഹാജരാകാത്തവർക്ക് എതിരെ നടപടി</u>

3258 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അനധികൃതമായി ജോലിക്ക് ഹാജരാകാത്ത എത്ര ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇനിയും എത്ര പേർക്കെതിരെ ശിക്ഷാനടപടികൾ ശേഷിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) അനധികൃതമായി ജോലിക്ക് ഹാജരാകാതെ സർവ്വീസിൽ നിന്നും നീക്കം ചെയ്യപ്പെട്ടവരുടെ വകുപ്പ് തിരിച്ചുള്ള പട്ടിക നൽകുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിലെ ടെലഫോൺ ഡയറക്ടറി</u>

3259 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ടെലഫോൺ ഡയറക്ടറി അവസാനമായി പുതുക്കി തയ്യാറാക്കിയത് ഏതു വർഷമാണ്;

(ബി) നിലവിലെ ഡയറക്ടറിയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരിപക്ഷം ജീവനക്കാരും റിട്ടയർ ചെയ്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റിലെ ടെലഫോൺ ഡയറക്ടറി പുതുക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിൽ ദിവസവേതനാടിസ്ഥാനത്തിലുള്ള നിയമനം</u>

3260 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവരുടെ സേവനം അവസാനിപ്പിച്ച് പ്രസ്തുത തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന പ്രകാരവും നിയമനങ്ങൾ നടത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കരാര്‍ വ്യവസ്ഥയില്‍ വാഹനങ്ങള്‍</u>

3261 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊല്ലം ജില്ലയില്‍ ഏതെല്ലാം സര്‍ക്കാര്‍ ആഫീസുകളിലാണ് കരാര്‍ അടിസ്ഥാനത്തില്‍ വാഹനങ്ങള്‍ ലഭ്യമാക്കിയിട്ടുളളതെന്ന് വിശദമാക്കുമോ;

(ബി) കരാര്‍ അടിസ്ഥാനത്തില്‍ വാഹനങ്ങള്‍ ലഭ്യമാക്കുന്നതിന്റെ മാനദണ്ഡങ്ങള്‍ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) കരാര്‍ അടിസ്ഥാനത്തില്‍ വാഹനങ്ങള്‍ ഉപയോഗിക്കുന്ന ആഫീസുകളില്‍ ഡ്രൈവര്‍മാര്‍ നിലവിലുളള ഓഫീസുകള്‍ ഏതെല്ലാമാണ്;

(ഡി) കരാര്‍ അടിസ്ഥാനത്തില്‍ ഓടുന്ന വാഹനങ്ങള്‍ക്കായും ഡ്രൈവര്‍ക്കുളള ബത്തയായും ഓരോ ആഫീസില്‍ നിന്നും കഴിഞ്ഞ സാമ്പത്തിക വര്‍ഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>അയ്യൻകാളിയുടെ ചരമദിനം പൊതുഅവധിയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ</u>

3262 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനും ആ വിഭാഗത്തെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള അയ്യൻകാളിയുടെ സംഭാവനകൾ പരിഗണിച്ചിട്ടുണ്ടോ;

(ബി) അദ്ദേഹത്തിന്റെ ചരമദിനം പൊതുഅവധി ആക്കണം എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ മറ്റു ചില നവോദ്ധാന നായകരുടെ ചരമദിനങ്ങൾക്ക് പൊതു അവധി നൽകിയതുപോലെ അയ്യൻകാളിയുടെ ചരമദിനവും പൊതു അവധിയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>രാഷ്ട്രപതിയുടെ ധീരതയ്ക്കുള്ള അവാർഡിന് ശുപാർശ ചെയ്യുവാൻ നടപടി</u>

3263 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കൊടുവള്ളിക്കടുത്ത് തലപ്പെരുമണ്ണയിൽ മുഹമ്മദ് ഫായിസ് എന്ന ഒൻപത് വയസുകാരൻ സ്വന്തം ജീവൻ പണയപ്പെടുത്തി ഒരാളുടെ ജീവൻ രക്ഷിച്ചത് സംബന്ധിച്ച പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുഴയിൽ മുങ്ങിത്താഴുന്ന സുഹൃത്തിനെ സാഹസികമായി രക്ഷപ്പെടുത്തിയ മുഹമ്മദ് ഫായിസിനെ രാഷ്ട്രപതിയുടെ ധീരതയ്ക്കുള്ള അവാർഡിന് ശുപാർശ ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിലെ സ്മൈൽ പ്രോജക്ടുകൾ</u>

3264 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എം.ഐ.എൽ.ഇ പദ്ധതിയിലൂടെ 2012-13 സാമ്പത്തിക വർഷം എത്ര രൂപയുടെ പ്രോജക്ടുകളാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) 2013-2014 വർഷത്തിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ നടപ്പാക്കുന്ന പുതിയ പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കളിസ്ഥലങ്ങളുടെ സംരക്ഷണം</u>

3265 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു കളിസ്ഥലങ്ങളായിരുന്ന ക്ഷേത്ര മൈതാനങ്ങൾ, പള്ളിവക മൈതാനങ്ങൾ എല്ലാം മതിൽകെട്ടി ഗേറ്റ് നിർമ്മിച്ച് സ്വകാര്യ സ്ഥലങ്ങളായി മാറ്റിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതു കളിസ്ഥലങ്ങൾ ഇത്തരത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ അവശേഷിക്കുന്ന കളിസ്ഥലങ്ങൾ സംരക്ഷിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന കേഡറിലെ ഐ.എ.എസ്./ഐ.പി.എസ്. ഉദ്യോഗസ്ഥർ</u>

3266 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കേഡറിൽ എത്ര ഐ.എ.എസ്., ഐ.പി.സ്. ഉദ്യോഗസ്ഥരുണ്ടെന്നും അവർ ആരൊക്കെയെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരിൽ എത്ര പേർ ഇപ്പോൾ സംസ്ഥാനത്തു ജോലി ചെയ്യുന്നു എന്നും എത്ര പേർ ഡെപ്യൂട്ടേഷനിലാണെന്നും എത്ര പേർ ലീവിലാണെന്നും അവർ ആരൊക്കെയെന്നും ഏതെല്ലാം തസ്തികകളിലാണെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്ന പ്രസ്തുത വിഭാഗം ഉദ്യോഗസ്ഥരിൽ എത്ര പേർ ഡെപ്യൂട്ടേഷനിൽ വന്നവരാണെന്നും അവർ ആരൊക്കെയാണെന്നും ഏതൊക്കെ തസ്തികകളിലാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഉദ്യോഗസ്ഥരിൽ നേരിട്ടു നിയമനം കിട്ടിയവർ ആരൊക്കെയെന്നും പദവി കൺഫർ ചെയ്ത് കിട്ടിയവർ ആരൊക്കെയെന്നും വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരണം നടപ്പാക്കുമോ; എങ്കിൽ നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ന്യായാധിപന്മാരുടെ നിയമനം</u>

T3267 ശ്രീമതി. ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കോടതികളിൽ ന്യായാധിപൻമാരെ നിയമിക്കുന്നത് ആരാണ്;

(ബി) ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ച് കാലതാമസം കൂടാതെ നിയമനം നടത്തുവാൻ എന്തു സംവിധാനമാണ് നിലവിലുളളത്; അത് സുതാര്യവും ഫലപ്രദവുമാണോ;

(സി) ന്യായാധിപന്മാരുടെ നിയമനം സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ ഏല്പിക്കുന്നതിന് നിയമ നിർമ്മാണം നടത്തുവാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ശാസ്ത്ര സാങ്കേതിക വിദ്യാ വികസനവും കൈമാറ്റവും</u>

3268 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക വികസനം, കൈമാറ്റം എന്നീ രംഗങ്ങളിൽ പുരോഗതി കൈവരിക്കുന്നതിന് പ്രധാന്യം നല്കുമോ;

(ബി) ശാസ്ത്ര സാങ്കേതിക വിദ്യാ വികസനത്തിന് കേന്ദ്ര സഹായം നേടിയെടുക്കുന്നതിലെ പുരോഗതി വ്യക്തമാക്കാമോ;

(സി) ശാസ്ത്ര സാങ്കേതിക രംഗത്തിന്റെ വികസനത്തിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ഇന്നവേഷൻ കൗൺസിൽ രൂപീകരണം</u>

3269 ശ്രീ. കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, പി. എ. മാധവൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കൗൺസിലിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വിഭാഗത്തിലുള്ള ആൾക്കാരെയാണ് കൗൺസിലിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച വിദഗ്ദ്ധരെ ഇതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഇ) കൗൺസിലിന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ഐ. ഡി. ഇ. എ. സോഫ്റ്റ്‌വെയറിന്റെ ഉപയോഗം</u>

3270 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ. ഡി. ഇ. എ. സോഫ്റ്റ്‌വെയറിന്റെ സഹായത്താല്‍ ഫയലുകളുടെ നീക്കവും ഫയലുകളിന്മേലുള്ള നടപടികളും പരിശോധിക്കണമെങ്കില്‍, വകുപ്പുകളിലും ഓഫീസുകളിലുമുള്ള എല്ലാ ഫയലുകളും അവയുടെ നീക്കങ്ങളും യഥാസമയം കൃത്യമായ രേഖപ്പെടുത്തലുകള്‍ നടത്തണമെന്നിരിക്കെ ഇപ്രകാരം കൃത്യമായ രേഖപ്പെടുത്തലുകള്‍ കമ്പ്യൂട്ടറുകളില്‍ വരുത്തുന്നുണ്ടോ എന്ന് പരിശോധിക്കാന്‍ സംവിധാനമുണ്ടോ എന്നു വ്യക്തമാക്കുമോ ;

(ബി) പല ഫയലുകളുടെയും തിരച്ചില്‍ കമ്പ്യൂട്ടറിലൂടെ നടത്തുമ്പോള്‍ അറിയുന്ന വിവരമനുസരിച്ചുള്ള അവസ്ഥയോ സ്ഥാനമോ അല്ല ഫയലുകളുടേതെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഈ ബുദ്ധിമുട്ടുകള്‍ പരിഹരിക്കുവാന്‍ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

**പൊതുഭരണ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം**

3271 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമനത്തട്ടിപ്പ് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് രൂപീകരിച്ച പൊതുഭരണ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വകുപ്പിന്റെ ഇപ്പോഴത്തെ പ്രവർത്തനം വിശദമാക്കാമോ ;

(ബി) പ്രസ്തുത വകുപ്പ് ഇതിനകം എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട് ;

(സി) ആയതിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ഗ്രാമ കോടതികൾ സ്ഥാപിക്കൽ</u>

3272 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, പി. എ. മാധവൻ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമ കോടതികൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിന് ഈ കോടതികൾ എത്രമാത്രം സഹായകരമാകും; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന്റെ പ്രവർത്തനത്തിന് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതി ഏജൻസികളുടെ നവീകരണം</u>

3273 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിന് സ്ഥാപിതമായിട്ടുള്ള ഏജൻസികളിൽ, ഈ രംഗത്തെ പ്രഗത്ഭരായ ശാസ്ത്രജ്ഞരെ, ഉന്നത സ്ഥാനങ്ങളിൽ നിയമിക്കുവാൻ, നിയമഭേദഗതി വരുത്തുമോ;

(ബി) പാരിസ്ഥിതിക വിജ്ഞാനവും അവബോധവും വളർത്തുവാൻ സർക്കാർ നൽകുന്ന ഗ്രാന്റ് കൃത്യമായി ആ മേഖലയിൽ ചെലവഴിക്കുന്നു എന്ന് നിരീക്ഷിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

തണ്ണീർതടങ്ങളിലെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിന് പദ്ധതി

3274 ശ്രീ. അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തണ്ണീർതടങ്ങളിലെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ഇന്റഗ്രേറ്റഡ് റിവർ ബേസിൻ മാനേജ്മെന്റ് പദ്ധതി</u>

3275 ശ്രീ. വർക്കല കഹാർ
'' ഷാഫി പറമ്പിൽ
'' കെ. മുരളീധരൻ
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി വകുപ്പ് ഇന്റഗ്രേറ്റഡ് റിവർ ബേസിൻ മാനേജ്മെന്റ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) നദികളെ പുനരുദ്ധരിക്കുന്നതിനും അവയിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

<u>നദീ തീരങ്ങൾ മലിനമാക്കുന്നത് സംബന്ധിച്ച് പഠനം</u>

3276 ശ്രീ. ബെന്നി ബെഹനാൻ
'' ഹൈബി ഈഡൻ
'' വി. ഡി. സതീശൻ
'' റ്റി. എൻ പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദീ തീരങ്ങൾ മലിനമാക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ഡി) റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർ നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

<u>മറൈൻ ബയോ–ഡൈവേഴ്സിറ്റി രജിസ്റ്റർ</u>
<u>തയ്യാറാക്കാൻ പദ്ധതി</u>

3277 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, കെ. മുരളീധരൻ
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ബി.ബി., മറൈൻ ബയോ–ഡൈവേഴ്സിറ്റി രജിസ്റ്റർ തയ്യാറാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനുവേണ്ടി ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കണ്ടല്‍ ജലകൃഷി പദ്ധതി</u>

3278 ശ്രീ. ബെന്നി ബെഹനാന്‍
'' ജോസഫ് വാഴക്കന്‍
'' ആര്‍. സെല്‍വരാജ്
'' എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പരിസ്ഥിതി വകുപ്പിന്റെ നേതൃത്വത്തില്‍ നടത്തുന്ന കണ്ടല്‍ ജലകൃഷി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ വിശദമാക്കുമോ;

(ബി) ഏതെല്ലാം കേന്ദ്ര ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച സാദ്ധ്യതാപഠനം പൂര്‍ത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കുളങ്ങളുടെയും ജലസ്രോതസ്സുകളുടേയും സംരക്ഷണം</u>

3279 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെയും, ജലസ്രോതസ്സുകളുടെയും സംരക്ഷണത്തിലൂടെ ജൈവവൈവിധ്യം സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വംശനാശം നേരിടുന്ന മത്സ്യസമ്പത്തിനെയും, സസ്യസമ്പത്തിനെയും സംരക്ഷിക്കുവാൻ എന്തൊക്കെ കർമ്മപദ്ധതിയാണ് ബയോഡൈവേഴ്സിറ്റി ബോർഡ് നടപ്പിലാക്കുന്നത്?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

ചാലക്കുടിപ്പുഴയിലെ വൈന്തലയിലെ ''ഓക്സ്ബോ'' തടാകം സംരക്ഷിക്കാൻ നടപടി

3280 ശ്രീ.ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിപ്പുഴയുടെ വലതുകരയിൽ വൈന്തല അമ്പഴക്കാട് പ്രദേശത്ത് സ്ഥിതിചെയ്യുന്ന 'ഓക്സ്ബോ' പ്രതിഭാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രതിഭാസം സംരക്ഷിക്കുന്നതിനും സൂക്ഷ്മ നിരീക്ഷണവും, സമഗ്ര പഠനവും നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് എന്നറിയിക്കുമോ;

(സി) കേരളത്തിലെ ലക്ഷണമൊത്ത ഓക്സ്ബോതടാകമായ വൈന്തലയിലെ 'ഓക്സ്ബോ തടാകം' സംരക്ഷിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് വ്യാപകമാകുന്ന എ.സി. വല്‍ക്കരണം നിയമവിധേയമാക്കി നിയന്ത്രിക്കുവാന്‍ നടപടി</u>

3281

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്ളോറോ ഫ്ളൂറോ കാര്‍ബണ്‍ (സി. എഫ്. സി.)ന്റെ അളവ് അന്തരീക്ഷത്തില്‍ ക്രമാതീതമായി വര്‍ദ്ധിക്കുന്നതിന്റെ ഫലമായി കാലാവസ്ഥയില്‍ വരുന്ന വ്യതിയാനം കണക്കിലെടുത്ത് സംസ്ഥാനത്ത് വ്യാപകമാകുന്ന എ.സി.യുടെ ഉപയോഗം നിയന്ത്രിക്കുവാന്‍ നടപടി സ്വീകരിക്കുമോ;

(ബി) എ.സി. സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ സര്‍ക്കാരിന്റെയോ അനുമതി വാങ്ങിയിരിക്കണം എന്ന രീതിയിലുള്ള നിയമ നിര്‍മ്മാണം നടത്തി എ.സി.യുടെ ഉപയോഗം നിരുല്‍സാഹപ്പെടുത്തുവാനും നിയന്ത്രിക്കുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ</u>

3282 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010, 2011 വർഷങ്ങളിൽ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയ ഏതെല്ലാം പരീക്ഷകളുടെ റാങ്ക് ലിസ്റ്റുകൾ ഇനി പ്രസിദ്ധീകരിക്കാൻ ഉണ്ട് എന്നുള്ള കാര്യം വിശദമാക്കുമോ;

(ബി) റാങ്ക്ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിൽ പി. എസ്. സി. യുടെ ഭാഗത്തു നിന്നുമുണ്ടാകുന്ന കാലതാമസം ഉദ്യോഗാർത്ഥികൾക്ക് സൃഷ്ടിക്കുന്ന വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരീക്ഷ തീയതി പ്രഖ്യാപിക്കുമ്പോൾ തന്നെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാവുന്ന സമയക്രമം കൂടി പ്രഖ്യാപിക്കുന്ന തരത്തിൽ സമയപ്പട്ടിക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

<u>പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ</u>

3283 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ഇന്നേവരെ എത്ര റാങ്ക് ലിസ്റ്റുകൾ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ഇതിൽനിന്നും എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ലിസ്റ്റ് തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ</u>

3284 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

പി. എസ്. സി. അംഗങ്ങൾ

3285 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗത്തിനും മാസത്തിൽ എത്ര രൂപയുടെ സാമ്പത്തിക ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് നൽകുന്നത്;

(ബി) പി. എസ്. സി. യുടെ കാര്യക്ഷമതയ്ക്കും, നിയമന നടപടികൾ ത്വരിതപ്പെടുത്തുവാനും കൂടുതൽ ജീവനക്കാരെ നിയമിക്കുമോ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

**ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിലെ അപാകത പരിഹരിക്കാൻ നടപടി**

3286 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടപ്പിലാക്കിയ ഒറ്റത്തവണ രജിസ്ട്രേഷൻ ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതകളെല്ലാം രേഖപ്പെടുത്താൻ സംവിധാനമില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നറിയിക്കുമോ ?

# കേരള നിയമസഭ
# 24.06.2013–ലെ മറുപടിക്ക്

<u>പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനു നടപടി</u>

3287 ശ്രീ.എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പബ്ലിക്ക് സർവ്വീസ് കമ്മീഷനിലെ ഉദ്യോഗസ്ഥരുടെ കുറവ് മൂലം പരീക്ഷാനടത്തിപ്പിലെയും, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെയും, കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിലേക്കായി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നത് പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ചെലവ്</u>

3288 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ അതിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് പുതുതായി എത്ര തസ്തികകൾ അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്; നിലവിൽ പി.എസ്.സിയിൽ മൊത്തം എത്ര ജീവനക്കാരുണ്ട്;

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ ഓരോ വർഷവും പി.എസ്.സി യ്ക്ക് വേണ്ടി ചെലവായ മൊത്തം തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർഷം പി.എസ്.സിയ്ക്ക് വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്ര; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

**തസ്തികകളുടെ അടിസ്ഥാന യോഗ്യതകൾ പരിഷ്കരിച്ച നടപടി**

3289

ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം നിയമനങ്ങൾക്കായി തസ്തികകളുടെ അടിസ്ഥാന യോഗ്യതകൾ പി.എസ്.സി. പരിഷ്കരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സർക്കാരിന്റെ വിവിധ വകുപ്പുകളിലെ തസ്തികകൾക്ക് പി.എസ്.സി. നിഷ്കർഷിക്കുന്ന അടിസ്ഥാന യോഗ്യതയ്ക്കുള്ള പരീക്ഷകൾ പലതും, കേരളത്തിലെയോ പുറത്തുമുള്ള യൂണിവേഴ്സിറ്റികളോ മറ്റു അംഗീകൃത പരീക്ഷാ ബോർഡുകളോ നടത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ പരിഷ്കരിക്കുകയും കേരളത്തിലെ യൂണിവേഴ്സിറ്റികളോ ബോർഡുകളോ നടത്തുന്ന പരീക്ഷകൾ അടിസ്ഥാന യോഗ്യതയുമാക്കി നിശ്ചയിച്ച് ചട്ടങ്ങളിൽ മാറ്റം വരുത്തുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കന്നഡ ഭാഷാ ന്യൂനപക്ഷ മേഖലയിൽ പി.എസ്.സി. പരീക്ഷയുടെ ചോദ്യാവലിയിലെ മലയാള ഭാഷാ ചോദ്യങ്ങൾ</u>

3290 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കന്നഡ ഭാഷാ ന്യൂനപക്ഷ മേഖലയിൽ പി.എസ്.സി. പരീക്ഷയുടെ ചോദ്യാവലിയിൽ മലയാള ഭാഷാ പരിജ്ഞാനം തെളിയിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉൾപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവത്തിൽ പ്രതിഷേധിച്ച് പി.എസ്.സി. നടത്താനിരുന്ന കമ്പനി/കോർപ്പറേഷൻ ജൂനിയർ അസിസ്റ്റന്റ്, അസിസ്റ്റന്റ് ഗ്രേഡ്-2, ലോവർ ഡിവിഷൻ ക്ലാർക്ക് എന്നീ തസ്തികകളിൽ നടത്താനിരുന്ന പീക്ഷ മാറ്റിവെച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വർഷങ്ങളായി പി.എസ്.സി. നടത്തിയിരുന്ന പരീക്ഷാ ചോദ്യാവലിയിൽ പ്രാദേശിക ഭാഷാ പ്രാവീണ്യം തെളിയിക്കേണ്ട സാഹചര്യത്തിൽ കന്നഡ ന്യൂനപക്ഷ ഭാഷയേയും ഉൾപ്പെടുത്തിയാണ് പരീക്ഷനടത്തിയതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ, ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വർഷങ്ങളായി നൽകിയിരുന്ന പ്രസ്തുത അവകാശം ഇപ്പോൾ നൽകാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

പി.എസ്.സി വഴിയുള്ള എൽ.ഡി.ക്ലർക്ക്, ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി

3291 ശ്രീ.റ്റി.വി.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ജില്ലകളിൽ എൽ.ഡി.ക്ലർക്ക്, ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് തസ്തികകൾക്ക് റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്നതെപ്പോഴാണ്; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും എത്ര ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ബി) ഈ തസ്തികകളിലേക്കുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്തി റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് പരമാവധി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വികലാംഗർക്കുവേണ്ടിയുള്ള നിയമനം</u>

3292 ശ്രീ.എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 മുതൽ വികലാംഗർക്കുമാത്രമായി പി.എസ്.സി. എത്ര വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; ആയതിൽ ഏതെല്ലാം പരീക്ഷകൾ നടത്തി;

(ബി) ഇനി പരീക്ഷ നടത്താൻ അവശേഷിക്കുന്നവ ഏതെല്ലാം; അവയുടെ പരീക്ഷാ തീയതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ തീയതി വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ എത്ര വികലാംഗരെയാണ് വിവിധ വകുപ്പുകളിലായി സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുള്ളത്;
ആയതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) ഇപ്രകാരം സ്ഥിരപ്പെടുത്തുമ്പോൾ വികലാംഗരുടെ വിജ്ഞാപന പ്രകാരമുള്ള ഒഴിവുകളിൽ കുറവ് സംഭവിക്കുമോ; ഇല്ലെങ്കിൽ ഇപ്പോഴത്തെ വിജ്ഞാപനമനുസരിച്ചുള്ള ഒഴിവുകൾ എത്ര എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വികലാംഗ സംവരണ നിയമനം</u>

T-3293 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വികലാംഗ നിയമനത്തിനായി നീക്കിവെച്ച 3% സംവരണ തസ്തികയിൽ എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നിയമനം നൽകിയവരുടെ പേരും, തസ്തികയും, ഓഫീസും ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) വികലാംഗ സംവരണ പ്രകാരം നിയമനം ലഭിച്ച പ്രസ്തുത ജീവനക്കാരുടെ പേര്, വൈകല്യം, ഉൾപ്പെടുന്ന വിഭാഗം, വൈകല്യത്തിന്റെ ശതമാനം എന്നിവ തരം തിരിച്ച് വിശദമാക്കുമോ;

(ഡി) പി.എസ്.സി. മുഖേനയുള്ള വികലാംഗ സംവരണ നിയമനങ്ങളിൽ അനർഹമായി നിയമനം നല്കിയത് സംബന്ധിച്ച് പരാതികൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കാമോ;

(ഇ) വികലാംഗ ക്വാട്ടയിൽ അനർഹമായി നിയമനം നേടിയവരെ കണ്ടെത്തുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>വികലാംഗർക്ക് സ്ഥിരനിയമനം</u>

3294

ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര വികലാംഗർക്ക് നേരിട്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും സ്ഥിരനിയമനം നല്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) ഇത്തരം നിയമനങ്ങൾക്ക് എത്ര ശതമാനം സംവരണമാണ് നിലവിൽ നല്കിവരുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വികലാംഗ നിയമനം</u>

3295 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി 258/12 കാറ്റഗറി നമ്പരായി വിജ്ഞാപനം ചെയ്തതും വികലാംഗർക്ക് സംവരണം ചെയ്തതുമായ എൽ.ഡി.സി തസ്തികയിലേക്ക് പരീക്ഷ നടത്തുകയുണ്ടായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പരീക്ഷ എന്ന് നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) 2677 വികലാംഗരെ സ്ഥിരപ്പെടുത്താൻ സർക്കാർ നിശ്ചയിച്ച സാഹചര്യത്തിൽ പ്രസ്തുത വിജ്ഞാപന പ്രകാരം നിലവിലുള്ള ഒഴിവുകളിൽ മാറ്റമുണ്ടാകുമോ;

(ഡി) നിലവിലെ വിജ്ഞാപനമനുസരിച്ച് ഓരോ ജില്ലയിലേയും ഒഴിവുകളുടെ എണ്ണം അറിയിക്കുമോ;

(ഇ) ഓരോ ജില്ലയിലേയും ഒഴിവുകളുടെ എണ്ണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ഡ്രൈവർ നിയമനത്തിനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്</u>

3296 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലേക്ക് ഡ്രൈവർ നിയമനത്തിനായി പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ്;

(ബി) ഓരോ ജില്ലയിലും ഈ ലിസ്റ്റിൽ നിന്നും എത്ര പേർക്ക് വീതം നിയമനം ലഭിച്ചിട്ടുണ്ട് എന്ന് ജില്ല തിരിച്ച്, വിഭാഗം തിരിച്ച് വ്യക്തമാക്കാമോ;

(സി) എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും ഔദ്യോഗിക വാഹനം അനുവദിച്ചപ്പോൾ, ഈ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള ഡ്രൈവർമാരുടെ തസ്തിക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വാഹനമുള്ള എല്ലാ ത്രിതല പഞ്ചായത്തു സ്ഥാപനങ്ങളിലും, വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ഡ്രൈവർ ഇല്ലെങ്കിൽ ആവശ്യമായത്ര തസ്തിക സൃഷ്ടിക്കുന്നതിനും, ആ തസ്തികകളിൽ, ഈ റാങ്ക് ലിസ്റ്റിൽ നിന്നും ആളെ നിയമിക്കുന്നതിനും, എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ; ഇതു സംബന്ധിച്ച ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

പി.എസ്.സി. റാങ്ക് ലിസ്റ്റ്

3297 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകാനാണ് ഇപ്പോൾ പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുള്ളത്; ഓരോ ലിസ്റ്റിന്റെയും (തസ്തികയുടെ) പേര്, റിപ്പോർട്ടു ചെയ്ത ഒഴിവുകൾ, നടത്തിയ നിയമനങ്ങളുടെ എണ്ണം, റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി, ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന തീയതി എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളിൽ വീണ്ടും പി.എസ്.സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ട്, ടെസ്റ്റ് നടത്തിയിട്ടുണ്ട്, ഇന്റർവ്യൂ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലിസ്റ്റുകളുടെ കാലാവധി നീട്ടണമെന്ന് പി.എസ്.സി.യോട് ആവശ്യപ്പെടുന്നതിന്റെ കാരണമെന്താണ്; സർക്കാർ ആവശ്യം പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ;

(ഡി) കാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ട ലിസ്റ്റിൽ ഒരാളെപ്പോലും നിയമിക്കാത്ത ലിസ്റ്റുകൾ ഉണ്ടോ;

(ഇ) പ്രസ്തുത ലിസ്റ്റുകളുടെ കാലാവധി നീട്ടുന്നതിലൂടെ പുതിയ തൊഴിലിനായി കാത്തിരിക്കുന്നവരുടെ അവസരം നഷ്ടപ്പെടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ സർക്കാർ വന്നതിന്ശേഷം എത്ര തവണ റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകാൻ പി.എസ്.സി.യോട് ആവശ്യപ്പെട്ടിട്ടുണ്ട്?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

പി. എസ്. സി. നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട
അന്വേഷണത്തിന്റെ തൽസ്ഥിതി

3298 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിൽ നടന്ന പി. എസ്. സി. നിയമനത്തട്ടിപ്പുമായി ബന്ധപ്പെട്ട അന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>നിലവാരമുള്ള ഇന്റർനെറ്റ് കഫേകൾ ഇല്ലാത്ത ഉൾനാടൻ പ്രദേശങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ</u>

3299 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി പരീക്ഷയെഴുതുന്ന ഉദ്യോഗാർത്ഥികൾ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്തെടുക്കുമ്പോൾ ബാർകോഡ്, പി.എസ്.സി. വാട്ടർമാർക്ക് എംബ്ലം, തീയതിയും പേരും, രേഖപ്പെടുത്തിയ ഫോട്ടോ എന്നിവ തിരിച്ചറിയൽ സർട്ടിഫിക്കറ്റിൽ ശരിയായി പതിയാതിരിക്കുന്നത് കാരണം ഉദ്യോഗാർത്ഥികൾക്ക് പരീക്ഷയെഴുതാൻ കഴിയാത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവാരമുള്ള ഇന്റർനെറ്റ് കഫേകൾ ഇല്ലാത്ത ഉൾനാടൻ പ്രദേശങ്ങളിലെ ഉദ്യോഗാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നത്തിന് പി.എസ്.സി എന്ത് പരിഹാരമാണ് കണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

എൽ.പി.എസ്.എ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

3300 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ഡിസംബർ മാസത്തിൽ നിലവിൽവന്ന തൃശ്ശൂർ ജില്ലയിലെ എൽ.പി.എസ്.എ റാങ്ക് ലിസ്റ്റിൽ നിന്നും കേവലം 4 പേർക്ക് മാത്രമാണ് അഡൈ്വസ് ലഭിച്ചിട്ടുള്ളത്. ഈ ജില്ലയിൽ മാത്രം വളരെ കുറച്ച് പേർക്ക് (4 എണ്ണം) നിയമനം നല്കിയതിലെ അസ്വാഭാവികത എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) എൽ.പി.എസ്.എ തസ്തികയിൽ തൃശ്ശൂർ ജില്ലയിൽ എത്ര ഒഴിവുകൾ പി.എസ്.സി യെ അറിയിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ നിയമന നടപടി ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

3301 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിൽ എൽ.പി.എസ്.എ റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് അഡ്വൈസ് നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ എത്രപേർക്ക് ഇതേ തസ്തികയിൽ അഡ്വൈസ് നല്കിയിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) തൃശൂർ ജില്ലയിൽ മാത്രം നിയമനത്തിൽ കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

<u>സർവ്വകലാശാലകളിലെ അദ്ധ്യാപകേതര ജീവനക്കാരുടെ നിയമനങ്ങൾ</u>

3302 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലെയും അധ്യാപകേതര ജീവനക്കാരുടെ നിയമനം പി.എസ്. സി.ക്ക് വിടാൻ സർക്കാർ തീരുമാനമെടുത്തിട്ടും ഇനിയും അതു സംബന്ധിച്ച നടപടികൾ പൂർത്തിയാകാത്തതെന്തുകൊണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

ഡെപ്യൂട്ടി കലക്ടർ തസ്തികയിലേക്കുള്ള നിയമന നടപടികൾ

3303 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തിയ ഡെപ്യൂട്ടി കളക്ടർ (റവന്യൂ വകുപ്പ്) തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നല്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള പരീക്ഷ നടത്തി രണ്ട് വർഷമായിട്ടും ഫലം പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഷോർട്ട് ലിസ്റ്റിൽ എത്ര പേരെയാണ് ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഫലം എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ സാധിക്കും എന്നറിയിക്കാമോ;

(ഇ) പ്രസ്തുത തസ്തികയിലേക്ക് പുതിയ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സംസ്ഥാന ബിവറേജ് കോർപ്പറേഷനിൽ ലാസ്റ്റ് ഗ്രേഡ് നിയമനം</u>

3304

ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ബിവറേജ് കോർപ്പറേഷനിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള നിയമനത്തിന് ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച തീയതി അറിയിക്കാമോ;

(ബി) ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം സർട്ടിഫിക്കറ്റ് വെരിഫിക്കേഷന് സാധാരണയായി എത്ര സമയം വേണ്ടി വരാറുണ്ട്;

(സി) പ്രസ്തുത തസ്തികയിലേക്ക് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചിട്ടും സർട്ടിഫിക്കറ്റ് പരിശോധന വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് സർട്ടിഫിക്കറ്റ് പരിശോധന നടത്തി എന്ന് നിയമന ശുപാർശ നൽകാനാവുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

**ടെലിഫോൺ - കം - കമ്പ്യൂട്ടർ - കം - ഫോട്ടോ കോപ്പിയർ ക്ലീനർ തസ്തികയിലേക്കുള്ള നിയമനരീതി**

3305

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിന് കീഴിൽ ടെലിഫോൺ -കം- കമ്പ്യൂട്ടർ-കം-ഫോട്ടോ കോപ്പിയർ ക്ലീനർ തസ്തികയിലേക്കുള്ള എത്ര തസ്തികകളാണ് നിലവിലുള്ളത്; ഇതിലേക്ക് പുതിയ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം എന്ന് അറിയിക്കുമോ; പ്രസ്തുത തസ്തിക സൃഷ്ടിച്ച് എന്നാണ് ഉത്തരവായത്;

(ബി) പ്രസ്തുത തസ്തികകളിലേക്ക് അപേക്ഷ ക്ഷണിച്ച് പരസ്യം നൽകിയിട്ടുണ്ടോ; എങ്കിൽ ഏതു വാർത്താമാധ്യമത്തിൽ ഏതേതു തീയതികളിൽ എന്നു വിശദമാക്കാമോ; പരസ്യത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമന രീതി ഏതു തരത്തിലാണ്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ, പി.എസ്.സി. വഴിയോ നിയമനം നടത്തുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത തസ്തികകളിലേക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര എണ്ണം; അവരുടെ പേരുവിവരം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത തസ്തികയിലേക്ക് പരീക്ഷ നടത്തുന്നതിന് തീയതി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ തീയതി എന്നാണെന്ന് അറിയിക്കുമോ?

## കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വകുപ്പുതല സീനിയോറിറ്റി പരിഗണിച്ച് എൽ. ഡി.സി തസ്തികയിലേക്ക് സ്ഥാനക്കയറ്റം</u>

3306 പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽ വകുപ്പുതല സീനിയോറിറ്റി പരിഗണിച്ച് എൽ. ഡി.സി. തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്ന സംവിധാനമുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് പ്രമോഷൻ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) യോഗ്യതയ്ക്കനുസരിച്ച് ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് എല്ലാ വകുപ്പുകളിലും പ്രമോഷൻ നൽകുന്നത് പരിഗണിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് ഭരണ പരിഷ്കരണ വകുപ്പിലെ 11219/ആർ2/07/പി. ആർ.ഡി എന്ന നമ്പർ ഫയലിൽ അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) എല്ലാ വകുപ്പുകളും സർക്കാരിന് ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**24.06.2013–ലെ മറുപടിക്ക്**

<u>ഹയര്‍ സെക്കണ്ടറി സ്കൂള്‍ അദ്ധ്യാപക നിയമനം</u>

3307 ശ്രീ.സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹയര്‍ സെക്കന്ററി സ്കൂള്‍ അദ്ധ്യാപക തസ്തികയിലേക്ക് 2011, 2012 വര്‍ഷങ്ങളില്‍ പി.എസ്.സി. നടത്തിയ പരീക്ഷയില്‍ എത്ര വിഷയങ്ങളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാന്‍ ബാക്കിയുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയങ്ങളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് എത്രയും വേഗം നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നഷ്ടപരിഹാരം</u>

3308 ശ്രീ.ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിത ബാധിതർക്ക് നഷ്ടപരിഹാരം ബന്ധപ്പെട്ട കമ്പനിയിൽ നിന്നും ലഭ്യമാക്കാൻ ട്രിബ്യൂണൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കമ്മിറ്റിയുടെ ഘടന, ഏതെല്ലാം കാര്യങ്ങളിലാണ് റിപ്പോർട്ട് നൽകേണ്ടത് തുടങ്ങിയവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

**എൻഡോസൾഫാൻ ദുരിതബാധിതരുടെ ക്ഷേമത്തിന് ഫണ്ട് രൂപീകരികരണം**

3309 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ ക്ഷേമത്തിന് ഫണ്ട് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത ഫണ്ട് ഏതെല്ലാം ആവശ്യത്തിനാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത ഫണ്ട് ഏതെല്ലാം വിധത്തിലാണ് സ്വരൂപിക്കുന്നത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>കണ്ണൂർ ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽനിന്നുള്ള ധനസഹായം</u>

3310 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അപകടമരണം സംഭവിച്ചവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കണ്ണൂർ ജില്ലയിൽ എത്രപേർക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് ഉത്തരവ് സഹിതം വിശദമാക്കാമോ;

(ബി) എത്ര കുടുംബങ്ങൾക്കുള്ള ധനസഹായം വിതരണം ചെയ്തിട്ടുണ്ടെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) ധനസഹായം വിതരണം ചെയ്യുമ്പോൾ ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) ബന്ധപ്പെട്ട എം.എൽ.എ.മാരെ അറിയിക്കാതെ തുക വിതരണം ചെയ്തിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) ധനസഹായം ലഭിച്ചവരുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധിയിൽ നിന്ന് തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം</u>

3311 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായും മറ്റും ലഭിച്ച മൊത്തം തുക എത്രയാണ് ; ഒരു കോടിയിൽ കൂടുതൽ സംഭാവന നല്കിയവർ ആരൊക്കെയാണ് ;

(ബി) ഈ കാലയളവിൽ ദുരിതാശ്വാസ നിധിയിൽ നിന്നും മുഖ്യമന്ത്രി അനുവദിച്ച മൊത്തം തുക എത്രയാണ് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(സി) ഇപ്പോൾ ദുരിതാശ്വാസ നിധിയിൽ അനുവദിക്കുന്ന തുക എത്രയെന്നറിയിക്കുമോ ;

(ഡി) ദുരിതാശ്വാസ നിധിയിൽ എത്തുന്ന തുകയിൽ നിന്ന് വ്യക്തികൾക്ക് തുക അനുവദിക്കുമ്പോൾ അനുവർത്തിച്ചു വരുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>പറമ്പികുളം – ആളിയാർ നദീജല കരാർ</u>

3312 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പികുളം – ആളിയാർ നദീജല കരാർ സംബന്ധിച്ച് ഈ വർഷം തമിഴ്നാടുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇതുവരെ എത്ര ടി.എം.സി. ജലമാണ് ലഭിച്ചത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) വരും വർഷങ്ങളിൽ കേരളത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പറമ്പിക്കുളം - ആളിയാർ കരാർ</u>

T-3313 ശ്രീ. മാത്യു. റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം കേരളത്തിനു ലഭിക്കേണ്ട ജലം തമിഴ്നാട് ലഭ്യമാക്കുന്നുണ്ടോ;

(ബി) കരാർ പ്രകാരം ലഭ്യമാക്കേണ്ട വെള്ളത്തിന്റെ അളവിൽ എന്തെങ്കിലും വ്യതിയാനം വരുത്തുന്ന കാര്യത്തിൽ ഈ സർക്കാർ വന്നതിനു ശേഷം ധാരണയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>പറമ്പിക്കുളം- ആളിയാർ നദീജലം</u>

T-3314 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എം. ചന്ദ്രൻ
ശ്രീമതി. കെ. എസ്. സലീഖ
ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാൽ നദീജല കരാറിലെ വ്യവസ്ഥകളും മന്ത്രിതല ചർച്ചയിൽ എടുത്ത തീരുമാനങ്ങളും അറിയിക്കാമോ;

(ബി) കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ടതിലും വളരെ കുറച്ചുജലം മാത്രമേ ലഭിക്കുന്നുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദീർഘവീക്ഷണം പുലർത്താത്ത നടപടികൾ ഭാവിയിലും സംസ്ഥാന താല്പര്യം ഹനിക്കാനിടയാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

<u>പെർഫോമൻസ് മോണിട്ടറിംഗ് ഇവാല്യുവേഷൻ പദ്ധതി</u>

3315 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
'' പി. ഉബൈദുള്ള
'' സി. മോയിൻകുട്ടി
'' എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെർഫോമൻസ് മോണിട്ടറിംഗ് ഇവാല്യുവേഷൻ പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര വകുപ്പുകളുടെ റിസൾട്ട് ഫ്രെയിംവർക്ക് ഡോക്കുമെന്റ് ഇതുവരെ തയ്യാറായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതിന്റെയടിസ്ഥാനത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥരുടെ പ്രവർത്തനം വിലയിരുത്തുകയുണ്ടായോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ഹരിതകേരളം പദ്ധതി</u>

3316 ശ്രീ. എം. എ വാഹീദ്
,, അൻവർ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ ഹരിതാഭമാക്കാനും, സമഗ്രവൃക്ഷവത്ക്കരണം നടപ്പിലാക്കാനും എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വഴിയോര തണൽ പദ്ധതി</u>

3317 ശ്രീ. വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. വി. ശശി
ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വഴിയോര തണൽ പദ്ധതി എന്നുമുതലാണ് നടപ്പിലാക്കിയത്; ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം ഇനങ്ങളിൽപ്പെട്ട തൈകളാണ് വെച്ചുപിടിപ്പിച്ചത്; വെളിപ്പെടുത്തുമോ;

(സി) ഇതു പ്രകാരം നട്ടുവളർത്തിയ തൈകൾ നശിപ്പിച്ചവർക്കെതിരെ ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ കേസ്സെടുത്തിട്ടുണ്ടോ;
വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം നട്ടുവളർത്തിയവയിൽ എത്ര ശതമാനത്തെ ഇപ്പോൾ പരിപാലിക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റ ശേഷം വനംവകുപ്പും, സാമൂഹ്യ വനവൽക്കരണ വിഭാഗവും പദ്ധതിക്ക് പ്രാധാന്യം നൽകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതി വിപുലമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വനഗവേഷണം</u>

3318 ശ്രീ.കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പീച്ചിയിലെ കേരളാ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഗവേഷണങ്ങൾ എന്തൊക്കെയാണ്; ഏതെല്ലാം വിഭാഗത്തിലാണ് ഗവേഷണങ്ങൾ നടക്കുന്നത്; ആരുടെയൊക്കെ നേതൃത്വത്തിലാണ്; വിശദമാക്കുമോ;

(ബി) വിവിധ ഗവേഷണങ്ങൾക്കായി കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ചെലവാക്കുന്ന ഫണ്ടുകൾ ഏതെല്ലാം; ചെലവാക്കിയ തുകയുടെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ;

(സി) കേരളത്തിൽ വന ഗവേഷണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള വനമേഖലകൾ ഏതെല്ലാം; പ്രസ്തുത വനമേഖലകളിൽ ഗവേഷകർ എത്ര തവണ സന്ദർശനം നടത്തിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**24.06.2013–ലെ മറുപടിക്ക്**

<u>വനാവകാശ നിയമം</u>

3319 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാലതാമസം എന്താണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വനം വകുപ്പ് ഏറ്റെടുത്ത സ്ഥലങ്ങൾ</u>

3320 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നിക്ഷിപ്ത വനനിയമ പ്രകാരം ഏറ്റെടുത്ത സ്ഥലത്തിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇത്തരത്തിൽ വനം വകുപ്പ് ഏറ്റെടുക്കാതെ ശേഷിക്കുന്ന സ്ഥലങ്ങൾ 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക്' കൈമാറാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

വനശ്രീ യൂണിറ്റുകളുടെ പ്രവർത്തനം

3321 ശ്രീ. കെ. അച്ചുതൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനശ്രീ യൂണിറ്റുകളുടെ ഉദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ;

(ബി) എന്തെല്ലാം സാധനങ്ങളാണ് ഈ യൂണിറ്റുകൾ വഴി വിൽക്കപ്പെടുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് യൂണിറ്റുകൾ പുനസംഘടിപ്പിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

മഴനിഴൽ പ്രദേശം

3322

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കേന്ദ്രമാക്കി മഴ നിഴൽ പ്രദേശം രൂപപ്പെട്ടു വരുന്നുവെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) മഴ നിഴൽ പ്രദേശം രൂപപ്പെടാനുള്ള കാരണങ്ങൾ വിവരിക്കാമോ;

(സി) ഇത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിവരിക്കാമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സോഷ്യൽ ഫോറസ്ട്രി വഴി വിതരണം ചെയ്യുന്ന തൈകൾ</u>

3323 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം വനം വകുപ്പിന്റെ കീഴിലുള്ള സോഷ്യൽ ഫോറസ്ട്രി മുഖാന്തിരം എത്ര വൃക്ഷതൈകളാണ് പുതുതായി നട്ട് പിടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി ഏതൊക്കെ വൃക്ഷങ്ങളുടെ തൈകളാണ് തയ്യാറാക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വന്യമൃഗ ആക്രമണം തടയുന്നതിന് നടപടി</u>

3324 ശ്രീ.ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ അയ്യമ്പുഴ, മൂക്കന്നൂർ ഗ്രാമപഞ്ചായത്തുകളിലെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വന്യമൃഗങ്ങളുടെയും കാട്ടാനകളുടെയും ആക്രമണം തടയുന്ന കാര്യത്തിൽ ഫണ്ട് ലഭ്യമല്ല എന്ന കാരണം ചൂണ്ടിക്കാട്ടി വനംവകുപ്പ് കാണിക്കുന്ന അനാസ്ഥയ്ക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി ഫണ്ട് ലഭ്യമാക്കാനും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം നൽകുന്നതിനുമായി അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>അതിരപ്പിള്ളി പഞ്ചായത്തിൽ കാട്ടുമൃഗങ്ങളുടെ ശല്യം</u>

3325 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മുഖ്യമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ കിഴക്കൻ മേഖലകളിൽ കാട്ടുമൃഗങ്ങളുടെ ശല്യം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തവളക്കുഴിപ്പാറ മലയൻകോളനിയിൽ കാട്ടാനയുടെ ആക്രമണത്തിൽ 10/6/13ന് കൊല്ലപ്പെട്ട രാജപ്പൻ മകൻ രാമചന്ദ്രന്റെ (38) നിരാലംബരായ കുടുംബത്തെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കാട്ടുമൃഗങ്ങളുടെ നിരന്തര ശല്യത്തിൽ നിന്നും പ്രസ്തുത മേഖലയിലെ ജനങ്ങളെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വനം വകുപ്പിന്റെ ഡിപ്പോകളിലെ പ്രവൃത്തികൾക്കുള്ള വേതനം</u>

3326 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ഡിപ്പോകളിലും തോട്ടങ്ങളിലുമുള്ള ടിമ്പർ ജോലികളിൽ, ആനയെ ഉപയോഗിച്ചുള്ള ജോലികൾക്ക് വളരെക്കുറഞ്ഞ വേതനമാണ് നിലവിലുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കുറഞ്ഞ കൂലി നിരക്കിൽ ആരും ജോലി ചെയ്യാൻ തയ്യാറാകാത്തതുകൊണ്ട് വനം വകുപ്പ് ഡിപ്പോകളിലും മറ്റും ജോലികൾ തടസ്സപ്പെടുകയും താമസിക്കുകയും ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്പോൾ നിലവിലുള്ള പഴയ കൂലി നിരക്കുകൾ അടിയന്തിരമായി പരിഷ്കരിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) വനം വകുപ്പ് തോട്ടങ്ങളിവും ഡിപ്പോകളിലും ആനകളെക്കൊണ്ട് പണിയെടുപ്പിക്കുന്നതും നാട്ടാനകളോടുള്ള പീഡനവും, നാട്ടാന പരിപാലനച്ചട്ടങ്ങളനുസരിച്ചാണോ എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഇ) വനം വകുപ്പിന്റെ ജോലികൾക്ക് ട്രാക്ടറും, ജെ.സി.ബിയും നിയമവിധേയമാക്കുന്നതിനും ഇത് എഫ്.എസ്.ആർ ൽ ഉൽപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ആനകളുടെ ഉടമസ്ഥാവകാശം</u>

3327 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആന ഉടമകളുടെ കൈവശം ആനകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ ഇല്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉടമസ്ഥാവകാശം സംബന്ധിച്ച് ഇപ്പോൾ നൽകിയിട്ടുള്ള ഡേറ്റാ ബുക്കിന് പകരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(സി) മറ്റു സംസഥാനങ്ങളിൽ ആനകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നത് അഞ്ച് വർഷത്തിലൊരിക്കലാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ഉടമസ്ഥാവകാശ സർട്ടഫിക്കറ്റ് കേരളത്തിൽ നൽകുന്നതിന് തടസ്സമെന്തെന്ന് വിശദമാക്കുമോ;

(ഡി) നിലവിൽ അനുവദിച്ച ഡേറ്റാ ബുക്കുകളിൽ ഉടമസ്ഥന്റേയോ, ആനയുടെയോ പേരു മാറ്റാനുള്ള അനുവാദം സർക്കാർ നൽകുമോ; ഇല്ലെങ്കിൽ എന്താണ് ഇതിനുള്ള തടസ്സം എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

<u>കടുവാസങ്കേതങ്ങളിലെ ഫീസ്</u>

3328 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യജീവി സംരക്ഷണ നിയമം 1972 ന്റെ ഭേദഗതി നിയമം 2006 പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം കടുവാ സങ്കേതങ്ങളിലാണ് പ്രവേശനത്തിന് ഫീസ് ചുമത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫീസ് അതാത് കടുവാസംരക്ഷണ ഫൗണ്ടേഷനിലേക്കാണോ എത്തിച്ചേരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കടുവാ സങ്കേതത്തിലേക്ക് ചുമത്തിയിട്ടുള്ള പ്രവേശന ഫീസ് ഉൾപ്പെടെയുള്ള ഇതരഫീസുകളും സംസ്ഥാനത്ത് അതാത് കടുവാ സംരക്ഷണ ഫൗണ്ടേഷനിലേക്ക് ലഭ്യമാക്കണമെന്നുള്ള നിർദ്ദേശം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ ഇനത്തിൽ 2008 മുതൽ നാളിതുവരെയായി എത്ര രൂപയാണ് വിവിധ കടുവാ സങ്കേതങ്ങളിൽ നിന്നും ലഭ്യമായിട്ടുള്ളതെന്ന് സങ്കേതം തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മരം മുറിച്ചു മാറ്റുമ്പോൾ ആവാസം നഷ്ടപ്പെടുന്ന പക്ഷികൾക്ക് സങ്കേതം</u>

3329 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലത്തെ മരങ്ങൾ മുറിച്ചു മാറ്റുന്നതിന് അനുമതി നൽകുന്നതിന് മുമ്പായി പരിശോധന നടത്താൻ ട്രീ കമ്മിറ്റികൾ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) പൊതുസ്ഥലത്ത് നിന്ന് മുറിക്കാൻ അനുമതി തേടിയിട്ടുള്ള വൃക്ഷങ്ങളിൽ പക്ഷിക്കൂടുകൾ ഉണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; അത്തരം സാഹചര്യങ്ങളിൽ മരം മുറിക്കേണ്ടി വരുമ്പോൾ പറക്കമുറ്റാത്ത പക്ഷിക്കുഞ്ഞുങ്ങൾക്കും മുട്ടകൾക്കും സംരക്ഷണം നൽകാനോ അവയുടെ പുനരധിവാസത്തിനോ സംവിധാനങ്ങൾ ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 24.06.2013-ലെ മറുപടിക്ക്

## <u>കാവു സംരക്ഷണം</u>

3330 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തവനൂർ മണ്ഡലത്തെ കാവു സംരക്ഷണത്തിനായുള്ള പൈലറ്റ് പ്രോജക്റ്റിനായി വനം വകുപ്പ് തെരഞ്ഞെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിയിലേക്കായി എന്തു തുകയാണ് നീക്കിവെക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ആയതുമായി ബന്ധപ്പെട്ട് വനം വകുപ്പ് മണ്ഡലത്തിൽ മീറ്റിംഗുകൾ നടത്തിയതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ യോഗ തീരുമാനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിർവ്വഹണം ഏത് ഘട്ടത്തിലാണിപ്പോൾ; വ്യക്തമാക്കാമോ;

(ഇ) എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തടസ്സങ്ങൾ; വ്യക്തമാക്കാമോ;

(എഫ്) തടസ്സങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

ലോക പരിസ്ഥിതി ദിനത്തിലെ തൈ വിതരണം

3331 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ സാമൂഹിക വനവൽക്കരണ വിഭാഗത്തിൽ കഴിഞ്ഞ ജൂൺ 5-ാം തീയതി ലോക പാരിസ്ഥിതിക ദിനത്തിൽ വിതരണം നടത്തിയ തൈകളുടെ എണ്ണം എത്ര: ഇതിനായി കേരളത്തിലെവിടെയൊക്കെ നഴ്സറികളെടുത്തു; ഏതെല്ലാം തരത്തിലുള്ള തൈകളാണ് വിതരണം നടത്തിയത്;

(ബി) ഇത്തരത്തിൽ തൈകൾ വിതരണം നടത്തുന്നതിന് വകുപ്പ് ചെലവാക്കിയ തുകയുടെ കണക്ക് സാമൂഹിക വനവൽകരണ ഡിവിഷൻ തിരിച്ച് വ്യക്തമാക്കുമോ;

(സി) വിതരണം നടത്തിയ തൈകളുടെ പരിപാലനം വിലയിരുത്തുവാൻ വകുപ്പ് തലത്തിൽ നടപടി സ്വീകരിക്കാറുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കണ്ടൽ വനങ്ങളുടെ സംരക്ഷണം</u>

3332 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) കണ്ടൽവനങ്ങൾ വെച്ചുപിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് കാന്റീൻ സൗകര്യം</u>

3333 ശ്രീ.കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിലെ ഏതെല്ലാം സേനാ വിഭാഗത്തിൽപ്പെട്ടവർക്കാണ് കുറഞ്ഞ വിലയിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കുന്ന കാന്റീൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയുമോ;

(ബി) ഈ വിഭാഗത്തിൽ വനം വകുപ്പ് ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വനം വകുപ്പിലെ വനസംരക്ഷണ വിഭാഗം(യൂണിഫോം സർവ്വീസ്) ജീവനക്കാരെ കാന്റീൻ സൗകര്യം ലഭ്യമാക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വനമേഖലയിൽ സഞ്ചാരികൾക്കുള്ള സൗകര്യങ്ങൾ</u>

3334 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവി സഫാരി ജംഗിൾപാർക്കിലേക്കുള്ള വഴി സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനും സന്ദർശകർക്ക് ബുക്ക് ചെയ്യുന്നതിനും എന്തൊക്കെ സൗകര്യങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഓൺലൈൻ ബുക്കിംഗ് സംവിധാനം നിലവിലുണ്ടോ;

(ബി) ഗവി വനത്തിനുള്ളിൽ വാച്ച് ടവ്വർ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) തേക്കടി ടൂറിസ്റ്റ് സെന്ററിൽ വാഹനങ്ങൾ നിർദ്ദിഷ്ട സ്ഥലങ്ങളിൽ പാർക്ക് ചെയ്യുന്നതിനും പ്ലാസ്റ്റിക് സാധനങ്ങൾ നിരോധിക്കുന്നതിനും വന്യമൃഗങ്ങളുടെ സ്വൈരവിഹാരം തടസ്സപ്പെടുത്താതെ പാരിസ്ഥിതിക സുരക്ഷ ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) തേക്കടിയിൽ നടപ്പിലാക്കുന്ന മേളകൾക്കും, ആദിവാസി കലാപരിപാടികൾക്കും സമാനമായ പരിപാടികൾ വനമേഖലയിലെ മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ഇ) പെരിയാർ ടൈഗർ റിസർവ്വിൽ പുതുതായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>ഫോറസ്റ്റ് വൈൽഡ് ലൈഫ് വാച്ചർമാരുടെ നിയമനം</u>

3335

ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് വൈൽഡ് ലൈഫ് വാച്ചർമാരുടെ നിയമനം പി.എസ്. സി. മുഖേനയാക്കിക്കൊണ്ട് ഉത്തരവായതു മൂലം നിലവിൽ വാച്ചർമാരായി ജോലി നോക്കിവരുന്ന വരുടെ ജോലി നഷ്ടപ്പെടുന്ന സ്ഥിതി വിശേഷം ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വാച്ചർമാരുടെ ജോലി നഷ്ടപ്പെടാതിരിക്കാനുളള എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി</u>

3336 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു; എത്ര വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്തു; ഒഴിപ്പിച്ചെടുത്ത വനഭൂമി സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വിശദമാക്കാമോ;

(ബി) വനഭൂമി കയ്യേറുന്നത് തടയുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; ആർക്കെതിരെയെല്ലാമാണ് കേസ് എടുത്തത്; വിശദാംശം ലഭ്യമാക്കാമോ;

(സി) പാലക്കാട് ജില്ലയിൽ ഏതെല്ലാം താലൂക്കുകളിലെ ഏതെല്ലാം പ്രദേശങ്ങളെയാണ് വനം വകുപ്പ് പരിസ്ഥിതി ദുർബല പ്രദേശങ്ങൾ ആയി നോട്ടിഫൈ ചെയ്തിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഒറ്റപ്പാലം താലൂക്കിൽ പരിസ്ഥിതി പ്രദേശം ഡീനോട്ടിഫൈ ചെയ്യുവാൻ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്ത് വനംഭൂമിയുടെ വിസ്തൃതി എത്രയെന്ന് വ്യക്തമാക്കാമോ; കന്യാവനങ്ങൾ, സ്വകാര്യവനങ്ങൾ എന്നിവ പ്രത്യേകം പ്രത്യേകം വിശദാംശം നൽകാമോ;

(എഫ്) 2008 മാർച്ച് മാസത്തെ കണക്കിൻപ്രകാരം സംസ്ഥാനത്ത് എത്ര വനഭൂമി ഉണ്ടായിരുന്നു; വ്യക്തമാക്കുമോ;

(ജി) 2012 ഡിസംബർ മാസത്തെ കണക്ക് പ്രകാരം സംസ്ഥാനത്ത് എത്ര വനഭൂമി ഉണ്ടെന്ന് വിശദീകരിക്കുമോ;

(എച്ച്) 2006 മുതൽ 2011 വരെ എത്ര വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു; എത്ര ഏക്കർ ഭൂമിയാണ് ഒഴിപ്പിച്ചത്; വിശദമായ റിപ്പോർട്ട് നൽകാമോ?

**കേരള നിയമസഭ**
**24.06.2013-ലെ മറുപടിക്ക്**

ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ്സ് പ്രോഗ്രാം

3337 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' വർക്കല കഹാർ
'' ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടോട്ടൽ ഫിസിക്കൽ ഫിറ്റ്നസ്സ് പ്രോഗ്രാമിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് പ്രവർത്തിക്കുന്നത്;

(സി) ഈ പ്രോഗ്രാമിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ;

(ഡി) കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>35–ാം ദേശീയ ഗെയിംസിനോടനുബന്ധിച്ച് നിർമ്മിക്കുന്ന കളിസ്ഥലങ്ങൾ</u>

3338

ശ്രീ. എം. എ. വാഹീദ്
,, കെ. അച്ചുതൻ
,, ജോസഫ് വാഴക്കൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 35–ാം ദേശീയ ഗെയിംസിനോടനുബന്ധിച്ച് എത്ര കളിസ്ഥലങ്ങളാണ് പുതിയതായി നിർമ്മിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) അവ എവിടെയെല്ലാമാണ് നിർമ്മിക്കുന്നത്; എത്ര രൂപയാണ് ഇതിനായി ചെലവഴിക്കുന്നത്; കളിസ്ഥലങ്ങളുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ദേശീയ ഗെയിംസ് വില്ലേജ് നിർമ്മാണത്തിന്റെ പുരോഗതി</u>

3339 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ദേശീയ ഗെയിംസ് എന്നത്തേക്ക് നടത്തുന്നതിനാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്;

(ബി) ഗെയിംസ് വില്ലേജ് എവിടെ സ്ഥാപിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്; ഗെയിംസ് വില്ലേജ് നിർമ്മാണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ;

(സി) ഗെയിംസ് നടത്തിപ്പിനായി കേന്ദ്ര സർക്കാർ, ഇതര ഏജൻസികൾ എന്നിവ മുഖാന്തിരം എത്ര തുക അനുവദിച്ചിട്ടുണ്ട്; ഇനി എത്ര തുക പ്രതീക്ഷിക്കുന്നു;

(ഡി) ഗെയിംസ് നടത്തിപ്പിനായി സംസ്ഥാന സർക്കാരിന് ചെലവഴിക്കേണ്ടി വരുന്ന പ്രതീക്ഷിത തുക എത്രയാണ്?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>മാവേലിക്കരയിൽ സ്റ്റേഡിയം</u>

3340 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മാവേലിക്കരയിൽ ഒരു സ്റ്റേഡിയം ഇല്ല എന്നത് സ്പോർട്സ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥലം ഏറ്റെടുത്ത് നൽകിയാൽ അന്തർദേശീയ നിലവാരത്തിലുള്ള ഒരു വോളിബോൾ കോർട്ട് നിർമ്മിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>കൽപ്പറ്റയിൽ മൾട്ടി പർപ്പസ് സ്റ്റേഡിയം</u>

3341 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റയിൽ ഒരു മൾട്ടി പർപ്പസ് സ്റ്റേഡിയം അനുവദിക്കണമെന്നാശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനം സംബന്ധിച്ച് സർക്കാർ വകുപ്പുകളിൽ ഏതെല്ലാം ഫയലുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൽപ്പറ്റയിൽ ഒരു മൾട്ടി പർപ്പസ് സ്റ്റേഡിയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

നീന്തല്‍ മത്സരങ്ങള്‍ കാര്യക്ഷമമാക്കാന്‍ നടപടി

3342 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള സ്പോര്‍ട്സ് കൗണ്‍സിലിന്റെ കീഴിലുള്ള സ്വിമ്മിംഗ് കോച്ചുകള്‍, സ്വകാര്യ സ്വിമ്മിംഗ് പൂളുകളിലും പ്രൈവറ്റ് സ്കൂളുകളിലും അനധികൃതമായി പരിശീലനം നല്‍കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ ഈ പ്രവണത തടയാന്‍ നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാന, ജില്ലാ നീന്തല്‍ മത്സരങ്ങളും വാട്ടര്‍ പോളോ മത്സരങ്ങളും നടത്തുമ്പോള്‍ ദേശീയ, അന്തര്‍ദേശീയ മത്സരങ്ങളിലെപോലെ വീഡിയോ റിക്കാര്‍ഡിംഗും ഫോട്ടോ ഫിനിഷിംഗും ടച്ചിംഗ് സ്ക്രീന്‍ സംവിധാനവും ഏര്‍പ്പെടുത്തുവാന്‍ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>വടകരയിൽ സിനിമാ തിയറ്റർ</u>

3343 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിലിം ഡവലപ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ഏതെങ്കിലും നഗരസഭകളിൽ സിനിമാ തിയറ്ററുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) വടകര നഗരസഭയിൽ ഒരു തിയറ്റർ തുടങ്ങുന്നതിനുള്ള അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ അവിടെ ഒരു തീയറ്റർ തുടങ്ങുന്ന കാര്യം പരിഗണിക്കാമോ ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>ഫിലിം സിറ്റി</u>

3344 ശ്രീ.സി. പി. മുഹമ്മദ്
'' വി. റ്റി. ബൽറാം
''കെ. ശിവദാസൻ നായർ
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിലിം സിറ്റി തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരുടെയെല്ലാം പങ്കാളിത്തത്തിലാണ് ഇതിന്റെ പ്രവൃത്തികൾ ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 24.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ തീയേറ്ററുകളിലെ ടിക്കറ്റ് നിരക്ക് നിര്‍ണ്ണയിക്കല്‍</u>

3345 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ മിക്ക സിനിമാ തീയേറ്ററുകളിലും താരതമ്യേന അധിക ടിക്കറ്റ് ചാര്‍ജ് ഈടാക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) തീയറ്ററുകള്‍ സ്ഥിതി ചെയ്യുന്ന സ്ഥലം അവയുടെ സാങ്കേതിക മികവ് എന്നിവയുടെ അടിസ്ഥാനത്തില്‍ ടിക്കറ്റ് ചാര്‍ജ് ഈടാക്കുന്നതിന് ഒരു പൊതുമാനദണ്ഡം നിലവിലുണ്ടോ;

(സി) ഇല്ലായെങ്കില്‍ തീയേറ്ററുകള്‍ സ്ഥിതി ചെയ്യുന്ന സ്ഥലം, സാങ്കേതിക മികവ് എന്നിവ പരിഗണിച്ച് നിരക്ക് നിര്‍ണ്ണയിക്കുന്നതിന് നടപടിയുണ്ടാകുമോ?

# കേരള നിയമസഭ
## 24.06.2013–ലെ മറുപടിക്ക്

<u>സാംസ്കാരിക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ</u>

3346 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സാംസ്കാരിക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) രോഗം ബാധിച്ച കലാകാരൻമാർ ആശ്രയമില്ലാതെ ഒറ്റപ്പെടുമ്പോൾ ഒരുമിച്ചു താമസിപ്പിക്കുന്നതിനുള്ള ഒരു അഭയകേന്ദ്രം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?